# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, 04712727379 email : obcdirectorate@gmail.com

BCDD/A3/1321/14

തീയതി : ~~28~~ 06/04/2015

'ഭരണഭാഷ-മാതൃഭാഷ'

വിഷയം : 2014-15-ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം -പ്രധാനാധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 24.09.2014-ലെ ബി.സി.ഡി.ഡി/എ3/1321/14 നമ്പർ സർക്കുലർ

---------------------------

2014-15-ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് **www.scholarship.itschool.gov.in/prematric obc 2014-15** എന്ന സ്കോളർഷിപ്പ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ടിനനുസരിച്ച് അപേക്ഷകരുടെ മാർക്ക് ,കുടുംബ വാർഷിക വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ആണ് അർഹരായവരെ തെരഞ്ഞെടുത്തിട്ടുള്ളത്. ഓരോ സ്കൂളിലേക്കും ആവശ്യമായ തുക സ്ഥാപന മേധാവി സ്കോളർഷിപ്പ് പോർട്ടലിൽ രേഖപ്പെടുത്തിയിരുന്ന ബാങ്ക് അക്കൗണ്ടിലേക്ക് ഇ-ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രധാനാധ്യാപകർ ടി തുക പിൻവലിച്ച് ലിസ്റ്റ് പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ഉടനടി വിതരണം ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

നിർദ്ദേശങ്ങൾ

1. I മുതൽ V വരെ ക്ലാസ്സുകളിൽ **750/-രൂപ**, VI മുതൽ VIII വരെ ക്ലാസ്സുകളിൽ **900/-രൂപ**, IX , X ക്ലാസ്സുകളിൽ **1000/- രൂപ** എന്നിങ്ങനെയാണ് സ്കോളർഷിപ്പ് നിരക്ക്.
2. ചെലവഴിക്കുന്ന തുകയുടെ അക്വിറ്റൻസ് സ്കൂളിൽ സൂക്ഷിക്കേണ്ടതും തുടർന്നുള്ള പരിശോധനകൾക്ക് ലഭ്യമാക്കേണ്ടതുമാണ്.
3. ഡാറ്റാ എൻട്രിയിൽ വന്ന പിഴവ് മൂലമോ മറ്റു കാരണങ്ങളാലോ അനർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതായി ബോധ്യപ്പെട്ടാൽ അത്തരം വിദ്യാർത്ഥികൾക്ക് തുക വിതരണം ചെയ്യാൻ പാടില്ല.
4. ഇപ്രകാരം വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക ട്രഷറിയിൽ 2225-03-911-99 (**R.O.P Plan**) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടക്കേണ്ടതാണ്.
5. ഇപ്രകാരം തിരിച്ചടക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ ഈ ആഫീസിലേക്ക് തപാൽ മാർഗ്ഗം അറിയിക്കേണ്ടതാണ്.

6. ഒരേ വിദ്യാർത്ഥി സമാന രീതിയിലുളള ഒന്നിലധികം സ്കോളർഷിപ്പുകൾ കൈപ്പറ്റുന്നില്ലയെന്നും ,ഒരു കുടുംബത്തിൽ രണ്ടിൽക്കൂടുതൽപ്പേർ സ്കോളർഷിപ്പ് കൈപ്പറ്റുന്നില്ലായെന്നും പ്രധാനാധ്യാപകർ ഉറപ്പാക്കോണ്ടതാണ്.
7. സ്കോളർഷിപ്പ് വിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം വിവരം പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതാണ്.

28/4/15

ഡയറക്ടർ
പിന്നാക്ക സമുദായ വികസന വകുപ്പ്

/4/15

എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്ക്

പകർപ്പ് :

ഗവ.സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ്
പൊതുവ വിദ്യാഭ്യാസ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @സ്കൂൾ
ഡി.ഡി പിന്നാക്ക സമുദായ വികസന വകുപ്പ് (എറണാകുളം,കോഴിക്കോട്)
എല്ലാ ഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒമാർക്ക്
എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും
കരതൽ/അധികം

വിശ്വസ്തതയോടെ.